പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1093

12/06/2014-ൽ
മറുപടിയ്ക്ക്

<u>സർക്കാർ കോളേജുകളിൽ പുതിയ തസ്തികകൾ</u>

**ചോദ്യം**
ശ്രീ. കെ.രാധാകൃഷ്ണൻ :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷം പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | 1. സ.ഉ (എം.എസ്) നം. 224/14/ഉ.വി.വ തീയതി 31.05.2014 പ്രകാരം മങ്കട, കൊണ്ടോട്ടി, കൊടുവള്ളി, ബാലുശ്ശേരി, ചേലക്കര, തൃത്താല ഗവ. കോളേജുകളിൽ 58 അദ്ധ്യാപക തസ്തികകളും 78 അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.<br>2. സ.ഉ (എം.എസ്) നം. 231/14/ഉ.വി.വ തീയതി 02.06.2014 പ്രകാരം താനൂർ ഗവ.കോളേജിന് 15 അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br>3. സ.ഉ (എം.എസ്) നം. 232/14/ഉ.വി.വ തീയതി 02.06.2014 പ്രകാരം കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ, നെയ്യാറ്റിൻകര ഗവ.കോളേജുകൾക്ക് ഓരോ മലയാളം അദ്ധ്യാപക തസ്തിക വീതം അനുവദിച്ചിട്ടുണ്ട്.<br>4. സ.ഉ (എം.എസ്) നം. 234/14/ഉ.വി.വ തീയതി 03.06.2014 പ്രകാരം മങ്കട, കൊണ്ടോട്ടി, കൊടുവള്ളി, തൃത്താല, ബാലുശ്ശേരി, ചേലക്കര ഗവ.കോളേജുകൾക്ക് ഓരോ മലയാളം അദ്ധ്യാപക തസ്തിക വീതം അനുവദിച്ചിട്ടുണ്ട്.<br>5. സ.ഉ (എം.എസ്) നം. 237/14/ഉ.വി.വ തീയതി 04.06.2014 പ്രകാരം നാദാപുരം, കോങ്ങാട് ഗവ.കോളേജുകൾക്ക് ഓരോ മലയാളം അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br>6. സ.ഉ (എം.എസ്) നം. 251/14/ഉ.വി.വ തീയതി 06.06.2014 പ്രകാരം മങ്കട, കൊണ്ടോട്ടി, കൊടുവള്ളി, ബാലുശ്ശേരി, ചേലക്കര, തൃത്താല, കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ, നെയ്യാറ്റിൻകര, നാദാപുരം, താനൂർ ഗവ.കോളേജുകൾക്ക് വിവിധ വിഷയങ്ങളിൽ 160 അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചേലക്കര മണ്ഡലത്തിൽ പ്രവർത്തനമാരംഭിച്ച ഗവ.കോളേജിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് സർക്കാർ ഉത്തരവ് സഹിതം വ്യക്തമാക്കാമോ ; | (സി) | 1. സ.ഉ (എം.എസ്) നം. 224/14/ഉ.വി.വ തീയതി 31.05.2014, സ.ഉ (എം.എസ്) നം. 251/14/ഉ.വി.വ തീയതി 06.06.2014 എന്നിവ പ്രകാരം (അനുബന്ധം-1 ഉം, 2 ഉം ആയി ചേർത്തിരിക്കുന്നു) ചേലക്കര ഗവ.കോളേജിന് അനുവദിച്ചിട്ടുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു.<br>**അദ്ധ്യാപക തസ്തികകൾ**<br>ഇംഗ്ലീഷ് - 5<br>കൊമേഴ്സ് - 4<br>ഫിസിക്കൽ എഡ്യൂക്കേഷൻ - 1<br>ഇക്കണോമിക്സ് - 3<br>ഹിന്ദി - 1<br>ഹിസ്റ്ററി - 1<br>പൊളിറ്റിക്കൽ സയൻസ് - 1<br>പ്രിൻസിപ്പാൾ - 1<br>**അനദ്ധ്യാപക തസ്തികകൾ ആകെ** -13<br><br>2. സ.ഉ (എം.എസ്) നം. 234/14/ഉ.വി.വ തീയതി 03.06.2014 പ്രകാരം (അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു) മലയാളം വിഭാഗത്തിൽ ഒരു അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഈ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ, അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ജോലിഭാരം കണക്കിലെടുത്ത് നൽകിയിട്ടുള്ള പ്രൊപ്പോസലിന്മേൽ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുകയും തുടർ നടപടിയ്ക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്